പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1100

05/03/2020-ൽ മറുപടി നൽകേണ്ടിയിരുന്നതിന്റെ അന്തിമ മറുപടി

<u>പരിഷ്കരിച്ച സിലബസ് പ്രകാരമുള്ള ഡിപ്ലോമ ഇൻ ഇലമെന്ററി എഡ്യൂക്കേഷൻ കോഴ്സ്</u>

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ.എൻ.എ ഖാദർ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് D.El.Ed. കോഴ്സ് സിലബസ് 2018 അധ്യായന വർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ടോ; മുമ്പ് നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതിയിൽ നിന്നും എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്.<br>1). എൻ.സി.ടി.ഇ നിർദ്ദേശപ്രകാരം പരിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയ ഡി.എൽ.എഡ് കോഴ്സിലെ ആകെ സാധ്യായ ദിവസങ്ങളുടെയും ആകെ സ്കോറിന്റെയും 25% സ്കൂൾ അനുഭവപരിപാടികൾക്കായി (ഇന്റേൺഷിപ്പ്) മാറ്റിവെച്ചു.<br>2). വിവരവിനിമയ സാങ്കേതിക വിദ്യ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>3). ഉൾച്ചേർന്ന വിദ്യാഭ്യാസ (302) എന്ന പേപ്പറിൽ അർഹമായ പരിഗണനയോടെ ഉൾപ്പെടുത്തി.<br>4). പഠനയാത്ര, സമൂഹസമ്പർക്ക സഹവാസ ക്യാമ്പ് എന്നിവയുടെ സംഘാടനത്തിലും, വിലയിരുത്തലിലും കാലോചിതമായ മാറ്റം വരുത്തി.<br>5). ഒന്നാം സെമസ്റ്ററിലും, രണ്ടാം സെമസ്റ്ററിലും അഞ്ച് ദിവസം വീതവും മൂന്നും നാലും സെമസ്റ്ററുകളിൽ 45 ദിവസം വീതവും ആകെ 100 ദിവസം സ്കൂൾ അനുഭവ പരിപാടികൾക്കായി വിഭജിച്ചു.<br>6). ഡി.എൽ.എഡ് വിദ്യാർത്ഥികളുടെ റഫറൻസിനായി എല്ലാ വിഷയങ്ങൾക്കും പഠന പിന്തുണാസഹായി തയ്യാറാക്കി എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ അപ് ലോഡു ചെയ്തിട്ടുണ്ട്. |
| (ബി) ഈ പരിഷ്കരിച്ച സിലബസ് പ്രകാരമുള്ള D.El.Ed. കോഴ്സിന്റെ ആദ്യബാച്ച് വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) ഇല്ല.<br>2020 ഏപ്രിലിൽ ആദ്യ ബാച്ച് പൂർത്തിയാകും. |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ എന്നത്തേക്കാണ് ഇവരുടെ കോഴ്സ് പൂർത്തിയാവുന്നതെന്ന് അറിയിക്കാമോ; | | |
| (സി) | പുതുതായി എൽ.പി/യു.പി. അസിസ്റ്റന്റ് തസ്തികകളിലേക്ക് നിയമനത്തിനായി വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള തസ്തികകളിലേക്ക് പരിഷ്കരിച്ച സിലബസ് പ്രകാരം D.El.Ed കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br>ടി തസ്തികയ്ക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്കകം വിജ്ഞാപന പ്രകാരം യോഗ്യത നേടിയിരിക്കുന്ന എല്ലാവർക്കും അപേക്ഷിക്കാൻ സാധിക്കും. |
| (ഡി) | പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ D.El.Ed. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൂടി ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്ന രീതിയിൽ വിജ്ഞാപനം ക്രമീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ